തുരുത്തിശ്ശേരി അസോസിയേഷൻ റൂബി ജൂബിലി – ഡിസംബർ 26ന്

ഷെവ: പി.കെ. പൗലോസ് കൂരൻ, അങ്കമാലി 98475 35171

മുളംന്തുരുത്തി സമ്മേളനത്തിന് ശേഷം ഇത്രയും വലിയ പള്ളി പ്രതിപുരുഷ യോഗം നടന്നിട്ടില്ല – ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കാ പൗലോസ് ദ്വീതിയൻ ബാവ

മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വീതിയൻ ബാവയെ തെരഞ്ഞെടുത്തു. വന്ദ്യ കണിയാം പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പായെ വൈദീക ട്രസ്റ്റിയായും, പാലമ്പാടം പി.ഇ. തോമസിനെ അൽ മായ ട്രസ്റ്റിയായും, ടി.പി. മാത്യു തെക്കേതലക്കലിനെ സഭാ സെക്രട്ടറി യായും, ഐകകണ്ഠേന തിര ഞ്ഞെടുത്തു. വർക്കിംഗ് കമ്മിറ്റിയംഗങ്ങളായി ശ്രേഷ്ഠ കാതോലിക്ക ബാവ, ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, മാർ ദീവന്നാസിയോസ്, കുര്യാക്കോസ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്തന്മാർ, വൈദിക അത്മായ ട്രസ്റ്റികൾ, സമുദായ സെക്രട്ടറി, വന്ദ്യ പി.എ. പൗലോസ് കോർഎപ്പിസ്കോപ്പ ചീരകത്തോട്ടം, വന്ദ്യ മങ്ങാട്ടമ്പള്ളിൽ അലക്സാണ്ടർ കോർഎപ്പിസ്കോപ്പ, വന്ദ്യ കെ.റ്റി. സഖറിയാ കോർഎപ്പിസ്കോപ്പ ആരക്കുന്നം, വന്ദ്യ പി.പി. ജോസഫ് കോർഎപ്പിസ്കോപ്പ പുളിയ്ക്കപ്പറമ്പിൽ, ഫാ. ഏലിയാസ് തോമ്പ്ര (പിന്നീട് കോർഎപ്പിസ്കോപ്പ), ഷെവ. അഡ്വ. റ്റി.റ്റി. ഉതുപ്പ്, അഡ്വ. ഇ.വി. ഏബ്രഹാം, പി. പി. തങ്കച്ചൻ, റ്റി.കെ. ഏബ്രഹാം, ഒ. തോമസ്, കുര്യാക്കോസ് ചെന്നെക്കാടൻ എന്നിവരെ തെരഞ്ഞെടുത്തു.

തുരുത്തിശ്ശേരി അസോസിയേഷൻ യോഗം നടന്നിട്ട് 1975 ഡിസംബർ 26–ന് 40 വർഷം തികയുന്നു. യാക്കോബായ സഭയുടെ ചരിത്രത്തിൽ ഒരു രജതരേഖ തന്നെയാണ് തുരുത്തിശ്ശേരി അസോസിയേഷൻ യോഗം. മുളംന്തുരുത്തി അസോസിയേഷൻ പോലെ തന്നെ തുരുത്തിശ്ശേരി അസോസിയേഷനും സഭയുടെ “മാഗ്നാംകർട്ട” തന്നെയാണ്. ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ കല്പിച്ച പ്രകാരം 1876–ലെ മുളംന്തുരുത്തി അസോസിയേഷൻ യോഗത്തിന് ശേഷം ഇത്രയും വലിയ ഒരു പള്ളി പ്രതിപുരുഷയോഗം കൂടിയിട്ടില്ല. മുളംന്തുരുത്തി അസോസിയേഷൻ യോഗം കൂടിയത് നവീകരണ വിശ്വാസത്തിൽ നിന്നും യാക്കോബായ സഭയെ സംരക്ഷിക്കുന്നതിന് വേണ്ടിയായിരുന്നു. തുരുത്തിശ്ശേരി അസോസിയേഷൻ യോഗം നടത്തിയത് മെത്രാൻകക്ഷികളുടെ വേദവിപരീതത്തിൽ നിന്ന് യാക്കോബായ സഭയെ വീണ്ടെടുത്ത് സംരക്ഷിക്കുന്നതിനായിരുന്നു. രണ്ട് യോഗങ്ങളും നടത്തിയത് പൂർവ്വീക വിശ്വാസവും പാരമ്പര്യവു മനുസരിച്ച് യാക്കോബായ സഭയെ പ. അന്ത്യോഖ്യാ സിംഹാസന ത്തിൻ കീഴിൽ തന്നെ നിലനിറുത്തുന്നതിനായിരുന്നു. അതിനുള്ള ഭരണ ക്രമീകരണങ്ങളാണ് ഇരു യോഗങ്ങളും അംഗീകരിച്ചത്. തുരുത്തിശ്ശേരി അസോസി യേഷൻ യോഗത്തെ കുറിച്ച് മലയാള മനോരമ ദിനപത്രം 27.12.1975) റിപ്പോർട്ട് ചെയ്തത് പുതിയ മെത്രാപ്പോലീത്തായെ വാഴിച്ചു, യാക്കോബായ സഭയ്ക്ക് മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ് നടന്നു എന്നാണ്. മാതൃഭൂമി ദിനപത്രം (27.12.1975) റിപ്പോർട്ട് ചെയ്തത് യാക്കോബായ സഭയ്ക്ക് പുതിയ മെത്രാന്മാരും ട്രസ്റ്റിമാരും ഉണ്ടായി എന്നാണ്. ദീപിക ദിനപത്രം (27.12.1975) റിപ്പോർട്ട് ചെയ്തത് മലങ്കര യാക്കോ ബായ സഭയ്ക്ക് ഒരു മെത്രാപ്പോലീത്താ കൂടി എന്നാണ്. ഭദ്രാസനതലങ്ങളിൽ വിവിധ പേരുകളിൽ പ്രവർത്തിച്ചിരുന്ന യാക്കോബായ സഭ സമിതികളുടെ അഖില മലങ്കര സംഗമമായിരുന്നു തുരുത്തിശ്ശേരി അസോസിയേഷൻ യോഗം. നിയമാനുസൃതം ഒരു അസോസിയേഷൻ യോഗം കൂടി സഭാ ഭാരവാഹികളെയും ഭരണ സമിതികളെയും തെരഞ്ഞെടുക്കേ ണ്ടത് എത്രയും ആവശ്യമാണെന്ന് എല്ലാവർക്കും അഭിപ്രായം ഉണ്ടായിരുന്നു. എന്നാൽ എവിടെ വച്ച് അസോസിയേഷൻ കൂടണമെന്നും ആര് അസോസിയേഷൻ യോഗം നടത്തിപ്പിന് നേതൃത്വം നൽകുമെന്നുള്ള കാര്യത്തിൽ വ്യക്തത ഉണ്ടായിരുന്നില്ല. കോടതി വഴി യോഗനിരോധനത്തിന് സാധ്യത ഉണ്ടായിരുന്നതിനാൽ 1975–ൽ അസോസിയേഷൻ യോഗം കൂടുക എന്നത് ഏറെ ശ്രമകരമായിരുന്നു. അസോസിയേഷൻ യോഗ നടത്തിപ്പിനെ കുറിച്ച് ആലോചിക്കുവാൻ കൂടിയ യാക്കോബായ സഭ നേതൃത്വയോഗത്തിൽ, അങ്കമാലി ഭദ്രാസനത്തിൽ വച്ച് അസോസിയേഷൻ യോഗം കൂടാമെന്നും, അതിന്റെ നടത്തിപ്പ് ഏറ്റെടുത്തു കൊള്ളാമെന്നും അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത തോമസ് മാർ ദിവന്നാസ്യോസ് തിരുമേനി (ശ്രേഷ്ഠ കാതോലിക്ക ബാവ) അറിയിക്കുകയുണ്ടായി. ഏതെങ്കിലും ഇടവക പള്ളികളിൽ വച്ച് അസോസിയേഷൻ യോഗം നടത്തുവാൻ തീരുമാനി ച്ചാൽ കോടതി വഴി നിരോധനം ഉണ്ടാകാൻ സാദ്ധ്യതയുള്ളതി നാലാണ് തോമസ് മാർ ദിവന്നാസ്യോസ് തിരുമേനിക്ക് അവകാശവും അധികാരവുമുള്ള തുരുത്തിശ്ശേരി മാർ സാബോർ അഫ്രോത്ത് സിംഹാസനചാപ്പൽ അസോസിയേഷൻ യോഗത്തിനായി തെരഞ്ഞെടുത്തത്.

പൗരസ്ത്യ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വീതിയൻ ബാവ രക്ഷാധികാരിയും തോമസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ പ്രസിഡന്റും, മങ്ങാട്ടംമ്പള്ളിൽ അലക്സാണ്ടർ കോറെപ്പിസ്ക്കോപ്പ വൈസ് പ്രസിഡന്റും, റവ: ഫാദർ വർഗീസ് കല്ലാപ്പാറ വർക്കിംഗ് പ്രസിഡന്റും, ഡോ. എ.കെ. ബേബി ജനറൽ കൺവീനറും, പി.കെ. പൗലോസ് കൂരൻ വർക്കിംഗ് കൺവീനറും, വർക്കി മത്തായി വയലിപറമ്പിൽ ലോക്കൽ കൺവീനറും ഡോ. ടി. യു പുന്നൻ ട്രഷററും ഫാ. ഏലിയാസ് തോമ്പ്രാ, ഫാ. ഔസേപ്പ് പാത്തിക്കൽ, ഫാ. പൗലോസ് പരത്തുവയലിൽ, ഫാ. ജോർജ്ജ് സി. ചാലപ്പുറം, (ഇവർ നാലുപേരും പിന്നീട് കോർഎപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.) ഫാ. ജോർജ്ജ് വർഗീസ് പരത്തുവയലിൽ, ഫാ. പി.പി. കോരത്, പടിഞ്ഞാറെക്കര ടി.പി. മാത്യു തെക്കേതലക്കൽ, പി. മാത്യു പിഷാരാത്തുമാലിൽ, എന്നിവർ അംഗങ്ങളായുള്ള എക്സിക്യൂട്ടീവ് കമ്മറ്റിയായിരുന്നു അസോസിയേഷൻ യോഗ നടത്തിപ്പിന് നേതൃത്വം നൽകിയത്. കെ.വി. വർക്കി കോഴിപ്പാട്ട്, പി. മാത്യൂസ് അരീക്കൽ, എ.എം. വർഗീസ് ആലുക്കൽ, എം. മാത്തുക്കുട്ടി കളപ്പുര എന്നിവർ കൺവീനർമാരായി വിവിധ സബ് കമ്മറ്റികളുടെ പ്രവർത്തനം ഏറെ ശ്ലാഘനീയമായിരുന്നു. അസോസിയേഷൻ യോഗനടത്തിപ്പിനായി തുരുത്തിശ്ശേരി പള്ളിയിൽ ഒരു താൽക്കാലിക ഓഫീസ് തുറക്കുകയുണ്ടായി. സ്ക്കറിയാ ആലുക്കൽ ശെമ്മാശൻ (വന്ദ്യ സഖറിയാ റമ്പാൻ) എബ്രഹാം വല്ലത്തുകാരൻ ശെമ്മാശൻ (റവ: ഫാ: എബ്രഹാം വല്ലത്തുകാരൻ) എന്നിവർക്ക് ആയിരുന്നു ഓഫീസിന്റെ ചുമതല.

അസോസിയേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ് കല്പന ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ അജ്ഞാനുസരണം ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പള്ളികൾക്ക് അയക്കുകയുണ്ടായി. കല്പനയിൽ 1. പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ കല്പനകൾ സംബന്ധിച്ച്, 2. മലങ്കര മെത്രാപ്പോലീത്തായെ 3. വൈദിക ട്രസ്റ്റിയെ 4. അൽമായ ട്രസ്റ്റിയെ 5. അസോസിയേഷൻ സെക്രട്ടറിയെ 6. മാനേജിംഗ് കമ്മറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുക 7. മറ്റു ഭരണ ക്രമീകരണങ്ങൾ മുതലായവയെക്കുറിച്ച് ആലോചിച്ച് നിശ്ചയം ചെയ്യുന്നതിനായി മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ യോഗം 1975 ഡിസംബർ 26 ന് അങ്കമാലിയിലുള്ള തുരുത്തിശ്ശേരി സിംഹാസന പള്ളിയിൽ കൂടുന്നതാണെന്നറിയിച്ചിരുന്നു. കല്പനപ്രകാരം യോഗം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള കോടതി നിരോധനം ഉണ്ടായാലോ എന്നതിനാൽ മുൻ കരുതൽ എന്ന നിലയിൽ വന്ദ്യരായ പി.എ. പൗലോസ് കോറെപ്പിസ്ക്കോപ്പ ചീരകത്തോട്ടം, കെ.റ്റി. സഖറിയാ കോറെപ്പിസ്ക്കോപ്പ ആരക്കുന്നം (ചെമ്പിലച്ചൻ), മങ്ങാട്ടംമ്പിള്ളിൽ അലക്സാണ്ടർ കോറെപ്പിസ്ക്കോപ്പാ, കണിയംപറമ്പിൽ കുരിയൻ കോറെപ്പിസ്ക്കോപ്പ, ഫാ. കുരിയാക്കോസ് വെട്ടിക്കുന്നേൽ, ഫാ. പി.പി. പുളിയ്ക്കപ്പറമ്പിൽ, ഫാ. ജോർജ്ജ് ചാലപ്പുറം, ഫാ. തോമസ് ഇലവിനാമണ്ണിൽ (ഇവർ മൂന്നുപേരും പിന്നീട് കോർഎപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.), ഫാ. യോഹന്നാൻ പുറ്റാനിൽ, (മൂവ്വാറ്റുപുഴ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പിതാവ്) ഫാ. സഖറിയാ മാരാംകണ്ടത്തിൽ, ഫാ. പി.റ്റി. കോശി, ഫാ. തോമസ് പുളിക്കൽ എന്നിവർ ചേർന്ന് മറ്റ് ഒരു നോട്ടീസും പരസ്യപ്പെടുത്തിയിരുന്നു.

അസോസിയേഷൻ യോഗദിവസമായ ഡിസംബർ 26 വെള്ളിയാഴ്ച രാവിലെ തുരുത്തിശ്ശേരി പള്ളി അങ്കണത്തിൽ താൽക്കാലികമായി പ്രത്യേകം തയ്യാറാക്കിയിരുന്ന വി. മദ്ബഹയിൽ ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വീതിയൻ ബാവയുടെ മുഖ്യ കാർമ്മീകത്വത്തിൽ വി. അഞ്ചിന്മേൽ കുർബ്ബാന നടത്തി. അഭിവന്ദ്യരായ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ ദിവന്നാസ്യോസ് കുര്യാക്കോസ് മാർ കുറിലോസ് തോമസ് മാർ ഓസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ സഹകാർമ്മീകരായിരുന്നു. വി. കുർബ്ബാന മദ്ധ്യേ തുമ്പമൺ ഭദ്രാസനത്തിലെ കോന്നി വകയാർ സെന്റ് മേരീസ് പള്ളി ഇടവകയിൽ ചരിവുവിള കോടത്ത് വന്ദ്യ ശാമുവേൽ റമ്പാനെ, മാർ പീലക്സിനോസ് എന്ന പേരിൽ മലബാറിന്റെ മെത്രാപ്പോലീത്ത ആയി ശ്രേഷ്ഠ കാതോലിക്കാ പൗലോസ് ദ്വീതിയൻ ബാവയുടെ മുഖ്യ കാർമ്മീകത്വത്തിൽ വാഴിക്കുകയുണ്ടായി.

അസോസിയേഷൻ യോഗവുമായി ബന്ധപ്പെട്ട് തോമസ് മാർ ദിവന്നാസ്യോസ് തിരുമേനി ഏതാണ്ട് ഒരു മാസക്കാലം തുരുത്തിശ്ശേരി പള്ളിയിൽ തന്നെ ആയിരുന്നു. മാർ ഇഗ്നാത്തിയോസ് നഗർ ആയിരുന്നു യോഗവേദി. തുരുത്തിശ്ശേരി പള്ളിയുടെ മുൻവശ ത്തായി മൂന്ന് നില പൂപന്തൽ ആയിരുന്നു യോഗത്തിനു വേണ്ടി കെട്ടി ഉയർത്തിയിരുന്നത്. പന്തലിൽ നാട്ടുവാനുള്ള കൊടിമരം പ. പൗലോസ് മാർ അത്താനോസ്യാസ് വലിയ തിരുമേനിയുടെ തൃക്കരങ്ങളാൽ സ്വന്ത് നാട്ടിൽ സ്ഥാപിക്കപ്പെട്ടിരുന്ന നായത്തോട് സെന്റ് ജോൺസ് യാക്കോബായ സുറിയാനി ചാപ്പലിൽ നിന്നും പി.പി. വർക്കിപ്പിള്ള വയലിപ്പറമ്പിലിന്റെ നേതൃത്വത്തിൽ ആഘോഷപൂർവ്വമായിട്ടാണ് കൊണ്ടു വന്നത്. പാത്രിയർക്കാ പതാക ചെറിയ വാപ്പാലശ്ശേരി മാർ ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനി പള്ളിയിൽ നിന്നുമാണ് ആഡംബരപൂർവ്വം കൊണ്ടു വന്നത്. അഭിവന്ദ്യ തോമസ് മാർ ദിവന്നാസ്യോസ് തിരുമേനിയാണ് പതാക ഉയർത്തിയത്. ഭദ്രാസനാടിസ്ഥാനത്തിൽ പ്രത്യേക ബ്ലോക്കുകളായിട്ടാണ് പ്രതിനിധികൾക്ക് സീറ്റുകൾ ക്രമീകരിച്ചിരുന്നത്. ശ്ലീഹാന്മാരുടെ നാമത്തിലായിരുന്നു ബ്ലോക്കുകൾ. കടവിൽ പൗലോസ് മാർ അത്തനേഷ്യസ് നഗറിലായിരുന്നു രജിസ്ട്രേഷൻ ക്രമീകരിച്ചത്. അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് നഗറിലായിരുന്നു ഭക്ഷണ ശാല. വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് നഗറിലായിരുന്നുകാർ പാർക്കിംഗ് എന്നിവ ക്രമീകരിച്ചിരുന്നത്. ശ്രേഷ്ഠ കാതോലിക്ക ബാവാ തിരുമേനിക്കും മെത്രാപ്പോലീത്താമാർക്കും താമസ സൗകര്യം ഒരുക്കിയിരുന്നത് അകപ്പറമ്പ് മാർ സാബോർ അഫ്രോത്ത് കത്തീഡ്രൽ വലിയ പള്ളിയിൽ ആയിരുന്നു.

അസോസിയേഷൻ യോഗത്തോടനുബന്ധിച്ച് തലേദിവസമായ 25–ാം തീയതി രാവിലെ ഭക്തസംഘടനകളുടെ അഖില മലങ്കര ഏകദിന ക്യാമ്പ് നടത്തുകയുണ്ടായി.

തുരുത്തിശ്ശേരി അസോസിയേഷനിൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥാനികളായ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ, വൈദിക ട്രസ്റ്റി കണിയാമ്പറമ്പിൽ വന്ദ്യ കുര്യൻ കോർഎപ്പിസ്കോപ്പ, സഭാ അത്മായ ട്രസ്റ്റി പി.ഇ.തോമസ് പാലാമ്പടം, സഭാ സെക്രട്ടറി ടി.പി.മാത്യു തെക്കേത്തലക്കൽ എന്നിവർ പിതാക്കന്മാരായ പുണ്യശ്ലോകരായ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് (പെരുമ്പള്ളി തിരുമേനി), എബ്രഹാം മോർ ക്ലിമീസ് വലിയ മെത്രാപ്പൊലീത്ത, തോമസ് മോർ ഒസ്താത്തിയോസ്, കുറിയാക്കോസ് മോർ കൂറിലോസ്, എന്നീ മെത്രാപ്പൊലീത്തന്മാരും ഫാ. എ.വി.സഖറിയ കുണ്ടറ, വന്ദ്യ പുളിക്കപ്പറമ്പിൽ പി.പി. ജോസഫ് കോർഎപ്പിസ്കോപ്പ, വന്ദ്യ.മീഖായേൽ കോർഎപ്പിസ്കോപ്പ, തോമസ് മോർ ദിവന്നാസിയോസ് (ഇപ്പോഴത്തെ ശ്രേഷ്ഠ ബാവ), ഡോ. ഡി. ബാബുപോൾ എന്നിവരോടൊപ്പം

അസോസിയേഷൻ യോഗത്തിലേക്ക് എഴുന്നുള്ളിയ പൗരസ്ത്യ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയ്ക്കും, അഭിവന്ദ്യ മെത്രാപ്പോലീത്താമാർക്കും കരിയാട് കവലയിൽ വച്ച് വമ്പിച്ച ജനാവലിയുടെ നേതൃത്വത്തിൽ അതിഗംഭീര സ്വീകരണം നൽകുകയുണ്ടായി. നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാരുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെയാണ് പിതാക്കന്മാരെ തുരുത്തിശ്ശേരി പള്ളിയിലേക്ക് ആനയിച്ചത്. അക്ഷരാർത്ഥത്തിൽ തുരുത്തിശ്ശേരിക്ക് അന്ന് ഒരു ഉത്സവമായിരുന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം ക്നാനായ ഭദ്രാസന മെത്രാപ്പോലീത്ത പുണ്യശ്ലോകനായ എബ്രഹാം മോർ ക്ലീമ്മീസ് തിരുമേനി ഉൽഘാടനം ചെയ്തു. കടവിൽ ഡോ. പൗലോസ് മാർ അത്താനാസ്യോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു.

അസോസിയേഷൻ യോഗദിവസമായ ഡിസംബർ 26 വെള്ളിയാഴ്ച രാവിലെ തുരുത്തിശ്ശേരി പള്ളി അങ്കണത്തിൽ താൽക്കാലികമായി പ്രത്യേകം തയ്യാറാക്കിയിരുന്ന വി. മദ്ബഹയിൽ ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ മുഖ്യ കാർമ്മീകത്വത്തിൽ വി. അഞ്ചിന്മേൽ കുർബ്ബാന നടത്തി. അഭിവന്ദ്യരായ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ ദിവന്നാസ്യോസ് കുര്യാക്കോസ് മാർ കുറിലോസ് തോമസ് മാർ ഓസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ സഹകാർമ്മീകരായിരുന്നു. വി. കുർബ്ബാന മദ്ധ്യേ തുമ്പമൺ ഭദ്രാസനത്തിലെ കോന്നി വകയാർ സെന്റ് മേരീസ് പള്ളി ഇടവകയിൽ ചരിവുവിള കോടത്ത് വന്ദ്യ ശാമുവേൽ റമ്പാനെ, മാർ പീലക്സിനോസ് എന്ന പേരിൽ മലബാറിന്റെ മെത്രാപ്പോലീത്ത ആയി ശ്രേഷ്ഠ കാതോലിക്കാ പൗലോസ് ദ്വിതിയൻ ബാവയുടെ മുഖ്യ കാർമ്മീകത്വത്തിൽ വാഴിക്കുകയുണ്ടായി.

ഉച്ചകഴിഞ്ഞായിരുന്നു അസോസിയേഷൻ യോഗം. തുരുത്തിശ്ശേരി മാർ സാബോർ അഫ്രോത്ത് സിംഹാസന ചാപ്പലിലെ പ്രാർത്ഥനയ്ക്കുശേഷം ശ്രേഷ്ഠ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവയെയും അഭിവന്ദ്യ മെത്രാപ്പോലീത്താമാരെയും സമ്മേളന വേദിയിലേക്ക് ആനയിച്ചു. വന്ദ്യ പാത്തിക്കൽ ഔസേപ്പ് കോറെപ്പിസ്ക്കോപ്പ അംശവടിയുമായി മുമ്പിൽ നടന്നു. അതിന് പിന്നിലായി കത്തിച്ചു പിടിച്ച മെഴുക് തിരികളുമായി കറുപ്പ് ലോഹ ധരിച്ച് വൈദീകർ നടന്നു. തുടർന്ന് ശ്രേഷ്ഠ ബാവ തിരുമേനിയും, മെത്രാപ്പോലീത്താമാരും നടന്നു വേദിയിലെത്തി. ഫാ. ഔസേപ്പ് പാത്തിക്കൽ, ഫാ. ഏലിയാസ് തോമ്പ്ര, ഫാ. പൗലോസ് പരത്തുവയലിൽ, ഫാ. വർഗീസ് കല്ലാപ്പാറ, പി.പി. തങ്കച്ചൻ എന്നിവർ ഉൾപ്പെടെ സ്റ്റിയറിംഗ് കമ്മറ്റിയായിരുന്നു യോഗനടപടികൾ നിയന്ത്രിച്ചത്. അസോസിയേഷൻ യോഗം നടത്തുവാൻ അനുവദിച്ചു കൊണ്ടുള്ള പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ അനുഗ്രഹ കല്പന തോമസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത വായിച്ചു. തുടർന്ന് വന്ദ്യ മങ്ങാട്ടംമ്പിള്ളിൽ അലക്സാണ്ടർ കോറെപ്പിസ്ക്കോപ്പാ നോട്ടീസ് കല്പന വായിച്ചു. പ. പാത്രിയർക്കീസ് ബാവയോടുള്ള ഭക്തിപ്രമേയം പി.പി. തങ്കച്ചൻ അവതരിപ്പിച്ചു.

തുടർന്ന് അജണ്ട അനുസരിച്ചുള്ള തെരഞ്ഞെടുപ്പ് നടത്തി. മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവയെ തെരഞ്ഞെടുത്തു. വന്ദ്യ കണിയാം പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പായെ വൈദീക ട്രസ്റ്റിയായും, പാലമ്പാടം പി.ഇ. തോമസിനെ അൽ മായ ട്രസ്റ്റിയായും, ടി.പി. മാത്യു തെക്കേതലക്കലിനെ സഭാ സെക്രട്ടറിയായും, ഐകകണ്ഠേന തിര ഞ്ഞെടുത്തു. വർക്കിംഗ് കമ്മിറ്റിയംഗങ്ങളായി ശ്രേഷ്ഠ കാതോലിക്ക ബാവ, ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, മാർ ദീവന്നാസിയോസ്, കുര്യാക്കോസ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്തന്മാർ, വൈദിക അത്മായ ട്രസ്റ്റികൾ, സമുദായ സെക്രട്ടറി, വന്ദ്യ പി.എ. പൗലോസ് കോർഎപ്പിസ്കോപ്പ ചീരകത്തോട്ടം, വന്ദ്യ മങ്ങാട്ടമ്പള്ളിൽ അലക്സാണ്ടർ കോർഎപ്പിസ്കോപ്പ, വന്ദ്യ കെ.റ്റി. സഖറിയാ കോർഎപ്പിസ്കോപ്പ ആരക്കുന്നം, വന്ദ്യ പി.പി. ജോസഫ് കോർഎപ്പിസ്കോപ്പ പുളിയ്ക്കപ്പറമ്പിൽ, ഫാ. ഏലിയാസ് തോമ്പ്ര (പിന്നീട് കോർഎപ്പിസ്കോപ്പ), ഷെവ. അഡ്വ. റ്റി.റ്റി. ഉതുപ്പ്, അഡ്വ. ഇ.വി. ഏബ്രഹാം, പി. പി. തങ്കച്ചൻ, റ്റി.കെ. ഏബ്രഹാം, ഒ . തോമസ്, കുര്യാക്കോസ് ചെന്നെക്കാടൻ എന്നിവരെ തെരഞ്ഞെടുത്തു. അങ്കമാലി, കൊച്ചി, കണ്ടനാട്, കോട്ടയം, കൊല്ലം, നിരണം, തുമ്പമൺ, ക്നാനായ, ബാഹ്യ കേരളം എന്നീ ഭദ്രാസനങ്ങളിൽ നിന്നുമായി 27 വൈദീകരെയും 54 അൽമായമാരെയും മാനേജിംഗ് കമ്മറ്റിയിലേക്ക് തിരഞ്ഞെടുത്തു. ഒൻപത് അംഗങ്ങളെ യോഗത്തിൽ വച്ചു തന്നെ മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്തു. ലീഗൽ കമ്മറ്റി കൺവീനറുമാരായി കുര്യാക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായെയും, അഡ്വ. ഇ.വി. ഏബ്രഹാമിനെയും പ്ലാനിംഗ് കമ്മറ്റി കൺവീനറുമാരായി ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെയും കുര്യൻ ഉതുപ്പ് കരയോരത്തേയും സെൻസസ് കമ്മറ്റി കൺവീനർമാരായി ശമുവേൽ മോർ പീലക്സീനോസ് മെത്രാപ്പോലീത്തായെയും, ഒ. തോമസിനേയും പബ്ലിക് റിലേഷൻസ് കമ്മറ്റി കൺവീനർമാരായി തോമസ് മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെയും ഷെവ. പി.പി. പീലിപ്പോസിനെയും റൂൾസ് കമ്മറ്റിയിലേക്ക് തോമസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായെയും പി.പി. തങ്കച്ചനെയും മെഡിക്കൽ കമ്മറ്റിയിലേക്ക് ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെയും ഡോ. രാജൻ തോമസിനെയും തെരഞ്ഞെടുത്തു. 803 പള്ളികളിൽ നിന്നുമായി 2553 പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി നന്ദി പ്രകടിപ്പിച്ചു.

യോഗാനന്തരം തെരഞ്ഞെടുക്കപ്പെട്ട സഭാസ്ഥാനികളെയും പുതിയതായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്തായെയും അനുമോദിച്ചു കൊണ്ടുള്ള യോഗം നടത്തി. തോമസ് മാർ ഒസ്താത്തിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. തോമസ് മാർ ദിവന്നാസ്യോസ് തിരുമേനി സ്വാഗതം ആശംസിച്ചു. യാക്കൂബ് മോർ യൂലിയോസ് തിരുമേനി യോഗം ഉദ്ഘാടനം ചെയ്തു. കുര്യാക്കോസ് മാർ കുറിലോസ് തിരുമേനി, വന്ദ്യ കെ.റ്റി. സഖറിയാ കോറെപ്പിസ്ക്കോപ്പ, എ.എം. തോമസ്, പി.പി. തങ്കച്ചൻ എറണാകുളം ഡി.സി.സി. പ്രസിഡന്റ് സി.എച്ച്. മുസ്തഫ എന്നിവർ പുതിയതായി വാഴിക്കപ്പെട്ട സാമുവേൽ മോർ പീലക്സിനോസ് തിരുമേനിയെയും സഭയുടെ പുതിയ സാരഥികളെയും അനുമോദിച്ചു കൊണ്ട് പ്രസംഗിച്ചു.

തുരുത്തിശ്ശേരി അസോസിയേഷൻ യോഗം നിരോധിക്കുവാൻ കോടതി വഴി ശ്രമം നടക്കുകയുണ്ടായി. ദൈവത്തിന്റെ അളവറ്റ കൃപയാൽ അത് നടന്നില്ല. യോഗം വിജയകരമായി തന്നെ നടത്തപ്പെട്ടു. യാക്കോബായ സഭയ്ക്ക് ഭാരവാഹികളും മാനേജിംഗ് കമ്മറ്റിയും വർക്കിംഗ് കമ്മറ്റിയുമുണ്ടായി. ഒരു സഭയ്ക്ക് വേണ്ടതായ ഭരണസംവിധാനങ്ങൾ തുരുത്തിശ്ശേരി അസോസിയേഷൻ യോഗത്തോടെ നിലവിൽ വന്നു. ഇപ്രകാരം ഒരു അസോസിയേഷൻ യോഗം കൂടി ഇല്ലായിരുന്നുവെങ്കിൽ സഭയുടെ ഭാവി മറ്റൊന്ന് ആകുമായിരുന്നേനെ. സഭ വെറും ഒരു ആൾകൂട്ടമായി അവസാനിച്ചേനെ. അസോസിയേഷന്റെ വിജയക രമായ നടത്തിപ്പിനായി ഒരു മാസക്കാലത്തോളം ഒട്ടനവധിപേർ പ്രയത്നിക്കുകയുണ്ടായി. ഒട്ടു വളരെ കഷ്ടപ്പാടുകളും സഹിക്കേണ്ടിവന്നിട്ടുണ്ട്.

തുരുത്തിശ്ശേരി അസോസിയേഷനുവേണ്ടി ഒരു മാസക്കാലം വീടും കുടുംബവും ഉപേക്ഷിച്ചാണ് പലരും പ്രവർത്തിച്ചത്. യാത്രാ സൗകര്യങ്ങളോ, കമ്മ്യൂണിക്കേഷൻ സൗകര്യങ്ങളോ ഇത്രയും ഇല്ലാതിരുന്ന കാലത്തായിരുന്നു തുരുത്തിശ്ശേരിയിൽ അസോസിയേഷൻ യോഗം നടത്തിയത്. രാപകൽ ഇല്ലാത്ത പ്രവർത്തനമായിരുന്നു. അവിടെ പല രാത്രികളിലും പ്രവർത്തകർ പലരും പള്ളിയിൽ തന്നെ തങ്ങേണ്ടി വന്നിട്ടുണ്ട്. എല്ലാവർക്കും ഉത്തേജനം നൽകികൊണ്ട് തോമസ് മാർ ദിവന്നാസ്യോസ് തിരുമേനി (ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവ) എപ്പോഴും മുമ്പിൽ തന്നെ ഉണ്ടായിരിക്കും. തുരുത്തിശ്ശേരി ഇടവകയും വഹിച്ച പങ്ക് വിലമതിക്കാൻ പറ്റാത്തതാണ്. സ്ത്രീ–പുരുഷ ഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി തന്നെ പ്രവർത്തിക്കുകയുണ്ടായി. താമസസൗകര്യം ഇല്ലാതിരുന്ന തുരുത്തിശ്ശേരിയിൽ യോഗത്തിനായി മലബാർ പ്രദേശങ്ങളിൽ നിന്നും രാത്രിയിലും മറ്റും എത്തിച്ചേർന്ന് കൊണ്ടിരുന്ന പള്ളി പ്രതിനിധികൾ പലർക്കും തുരുത്തിശ്ശേരി ഇടവക ആതിഥേയത്വം നൽകുകയുണ്ടായി.

തുരുത്തിശ്ശേരി അസോസിയേഷൻ യോഗത്തിന്റെ വിജയകരമായ നടത്തിപ്പിന് ചെറുതും വലുതുമായി പ്രവർത്തിച്ച മൺമറഞ്ഞവരെയും ജീവിച്ചിരിക്കുന്നവരെയും ഓർക്കുന്നു. എല്ലാവരുടെയും മുമ്പിൽ നന്ദിയുടെ പൂച്ചെണ്ട് സമർപ്പിക്കുന്നു.

(തുരുത്തിശ്ശേരി അസോസിയേഷൻ യോഗനടത്തിപ്പിന്റെ മുഖ്യ ഭാരവാഹികളിൽ ഒരാളായിരുന്നു ലേഖകൻ – എഡിറ്റർ)